സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ

62 (751) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) മലബാർ മേഖലയിൽ ഇത്തരം പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് മറ്റ് ജില്ലകളിലുള്ളതിനേക്കാൾ എന്തൊക്കെ വ്യത്യസ്ത മാനദണ്ഡങ്ങളാണുള്ളത് ;

(സി) ഈ അദ്ധ്യയന വർഷത്തിൽ മലബാർ മേഖലയിൽ ഇത്തരത്തിൽ എത്ര പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി പഠന സൗകര്യം നടപ്പിലാക്കാനായി ;

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങാതെ പഠനസൗകര്യം വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് നടപ്പിലാക്കിവരുന്നത് ;

(ഇ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടാകണമെന്ന ലക്ഷ്യസാക്ഷാത്കാരത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്ലസ് ടു പഠന സൗകര്യമേർപ്പെടുത്തുകയെന്നതാണ് ലക്ഷ്യം. ആദ്യഘട്ടമായി മറ്റു ജില്ലകളെ അപേക്ഷിച്ച് പ്ലസ് വൺ സീറ്റുകൾ കുറവായിരുന്ന മലബാർ മേഖലയിൽ 178 സ്കൂളുകൾ അനുവദിച്ചു. പ്ലസ് ടു പഠന സൗകര്യമില്ലാത്ത മേഖലയ്ക്കാണ് മുൻഗണന നൽകുക.

(സി) 104 ഗ്രാമ പഞ്ചായത്തുകളിൽ.

(ഡി) മാർജിനൽ വർദ്ധനയായി അപേക്ഷിക്കുന്ന എല്ലാ സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനയ്ക്ക് അനുമതിയുണ്ട്. ഓപ്പൺ സ്കൂൾ വഴിയും പ്ലസ് വൺ പഠനം നടത്താവുന്നതാണ്.

(ഇ) ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത മലബാർ മേഖലയിലെയും തൃശ്ശൂർ ജില്ലയിലെയും ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഘട്ടംഘട്ടമായി മറ്റു മേഖലകളിൽ നടപ്പാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly